# കേരള സമ്പദ്‌വ്യവസ്ഥയും സഹകരണമേഖലയും



## സാർത്ഥകമായ 5 സഹകരണ വർഷങ്ങൾ

2016-2021

കടകംപള്ളി സുരേന്ദ്രൻ

SAHITHYA PRAVARTHAKA C.S. LTD. KOTTAYAM
SPCS

രണവകുപ്പിനെയാണ്. സഹകരണവകുപ്പ് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തു. മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണബാങ്കിനെ കൺസോർഷ്യം ലീഡ്ബാങ്ക് ആയി നിയോഗിച്ചുകൊണ്ട് സർക്കാർ രൂപീകരിച്ച സാമൂഹ്യസുരക്ഷാപെൻഷൻ കൺസോർഷ്യം കമ്പനിക്ക് വായ്പ നൽകുന്നതിനു വേണ്ട അനുമതിയും മാർഗ്ഗനിർദ്ദേശങ്ങളും നൽകി. പ്രാഥമിക സർവ്വീസ് സഹകരണബാങ്കുകളിൽനിന്നും സംഘങ്ങളിൽനിന്നുമായി ഒരാഴ്ചകൊണ്ട് 1773. 80 കോടി രൂപയാണ് ഈ ആവശ്യത്തിനായി ശേഖരിച്ചത്. പെൻഷൻവിതരണം യാതൊരു മുടക്കവുമില്ലാതെ നടന്നു. പിന്നീട് സർക്കാരിന് സാമ്പത്തികപ്രയാസം നേരിടുമ്പോഴെല്ലാം ഈ മാതൃക തുടർന്നു. നാളിതുവരെ ഈരീതിയിൽ സർക്കാരിനു നൽകിയ സാമ്പത്തികപിന്തുണ പട്ടിക—8—ൽ കൊടുക്കുന്നു.

പട്ടിക — 8

(തുക കോടിരൂപയിൽ)

| ക്രമനമ്പർ | ഘട്ടങ്ങൾ | വർഷവും മാസവും | കാലാവധി | തുക |
|---|---|---|---|---|
| 1 | ഒന്നാം ഘട്ടം | 2018 ഓഗസ്റ്റ് | 14 മാസം | 1773. 80 |
| 2 | രണ്ടാം ഘട്ടം | 2019 മാർച്ച് | 14 മാസം | 2634. 48 |
| 3 | മൂന്നാം ഘട്ടം | 2019 ഒക്ടോബർ | 12 മാസം | 1799. 80 |
| 4 | നാലാം ഘട്ടം | 2019 ഡിസംബർ | 12 മാസം | 1170. 00 |
| 5 | അഞ്ചാം ഘട്ടം | 2020 മാർച്ച് | 1 മാസം | 1225. 00 |
| 6 | ആറാം ഘട്ടം | 2020 ജൂൺ | 12 മാസം | 2270. 93 |
| 7 | ഏഴാം ഘട്ടം | 2020 ഓഗസ്റ്റ് | 14 മാസം | 1154. 19 |
| 8 | എട്ടാം ഘട്ടം | 2020 ഒക്ടോബർ | 12 മാസം | 1702. 80 |
| | മൊത്തം | | | 13731. 00 |

മേൽ വായ്പകൾ ഓരോന്നിനും പ്രതിമാസം പലിശയും കാലാവധി പൂർത്തിയാകുന്നമുറയ്ക്കു മുതൽ സംഖ്യയും സംഘങ്ങൾക്ക് സർക്കാർ തിരികെ നൽകി. സർക്കാരിന്റെ ആവശ്യഘട്ടത്തിൽ ഉപയുക്തമാക്കാവുന്ന ഒരു സാമ്പത്തികസ്രോതസ്സായും സംഘങ്ങൾക്കു മെച്ചപ്പെട്ട പലിശ ലഭിക്കുന്ന ഒരുപുനർനിക്ഷേപമാർഗ്ഗമായും ഈ സംവിധാനം മാറി. സർക്കാരിന്റെ സാമ്പത്തികപ്രതിസന്ധികളിൽ സഹായമാകാൻ കഴിയുന്ന ഒരു നൂതനരീതി

കരണസംഘങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ സഹകാരികൾ, സഹകരണമേഖലയിലെ ജീവനക്കാർ, ഉദ്യോഗസ്ഥർ എന്നിവരുടെ പൂർണ്ണ സഹകരണത്തോടെ വൈവിദ്ധ്യപൂർണ്ണമായ രോഗപ്രതിരോധപ്രവർത്തനങ്ങളും അതിജീവനപ്രവർത്തനങ്ങളുമാണ് കേരളത്തിൽ നടന്നത്. ബാങ്കിംഗ് സേവനം, സഹകരണ ആശുപത്രികൾ, ക്ലിനിക്കുകൾ, നീതി ഷോപ്പുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, സഹകരണ ലബോറട്ടറികൾ, ആംബുലൻസുകൾ എന്നിവ അവസരത്തിനൊത്തുയർന്നു പ്രവർത്തിച്ചു.

## രോഗപ്രതിരോധപ്രവർത്തനങ്ങൾ

സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വിവിധ ഇടങ്ങളിൽ പി. പി. ഇ. കിറ്റുകൾ, മാസ്ക്, ഗ്ലൗസ്, സാനിട്ടൈസർ തുടങ്ങിയവ എത്തിച്ചു നൽകി. പി. പി. ഇ.കിറ്റ്, മാസ്ക് തുടങ്ങിയവയുടെ വിതരണത്തിലും മരുന്നുകൾ, സാനിട്ടൈസർ എന്നിവ വിതരണംചെയ്യുന്നതിലും 753 സഹകരണസംഘങ്ങൾ ഇടപെട്ടു. RTPCR ടെസ്റ്റിംഗ് സൗകര്യങ്ങളോടെ മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണബാങ്ക് ആരംഭിച്ച ലബോറട്ടറി രോഗപ്രതിരോധപ്രവർത്തനങ്ങളിൽ സഹകരണമേഖലയുടെ മികവിന്റെ നിദാനമാണ്.

## കമ്മ്യൂണിറ്റി കിച്ചണുകൾക്ക് കൈത്താങ്ങ്

ലോകമാകെ പ്രശംസിച്ച കേരളമാതൃകയാണ് നാടെങ്ങും നന്മ വിളമ്പിയ കമ്മ്യൂണിറ്റി കിച്ചണുകൾ. കോവിഡ്—19 പ്രതിരോധത്തിന് രാജ്യം അടച്ചിട്ടപ്പോൾ അടച്ചുപൂട്ടലിൽ വിശക്കുന്നവർക്ക് അന്നം നൽകാനായി തുടങ്ങിയ സമൂഹ അടുക്കളയിൽ സഹകരണസ്ഥാപനങ്ങളും സജീവമായി. ഓരോ പഞ്ചായത്തിലും പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി കിച്ചണുകൾക്ക് ആവശ്യമായ സഹായങ്ങളാണ് വിവിധ സഹകരണസംഘങ്ങൾ ഏറ്റെടുത്ത് നടത്തിയത്. ഭക്ഷണം സ്പോൺസർ ചെയ്യൽ, സാമ്പത്തികസഹായം, സന്നദ്ധസേവനം, അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കൽ തുടങ്ങി കമ്മ്യൂണിറ്റി കിച്ചൺ വിജയിപ്പിക്കുന്നതിന് സംഘങ്ങൾ എല്ലാ പിന്തുണയും നൽകി. കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനങ്ങൾക്കായി പല സംഘങ്ങളും ഓഡിറ്റോറിയവും ബാങ്കിന്റെ കെട്ടിടങ്ങളും വിട്ടുനൽകി.

## സാമൂഹികക്ഷേമപെൻഷൻ വിതരണം

ലോക്ഡൗൺകാലത്ത് എല്ലാ സുരക്ഷാമാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിലായി സാമൂഹികസുരക്ഷാപെൻഷൻ വിതരണം നടത്തിയതാണ് സഹകരണമേഖല നടത്തിയ മറ്റൊരു ശ്രദ്ധേയപ്രവർത്തനം.

# 9. സാമൂഹിക ഉൾച്ചേർക്കലും സഹകരണമേഖലയും

## വനിതാമേഖല

വനിതാ സഹകരണമേഖലയിൽ കേരളത്തിൽ അപെക്സ് ഫെഡറേഷനായ വനിതാഫെഡും 956 ചെറുതും വലുതുമായ പ്രാഥമിക സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. നിക്ഷേപം, വായ്പ, ചിട്ടി, പണയം, ഉൽപന്ന നിർമ്മാണം, സേവനം എന്നീ മേഖലകളിലാണ് സംഘങ്ങൾ പ്രധാനമായും പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് സഹകരണമേഖലയിൽ വനിതകൾക്ക് പ്രമുഖസ്ഥാനമുണ്ട്. സംഘങ്ങളിലെ അംഗങ്ങളിൽ പകുതിയോളം വനിതകളാണ്. സഹകരണനിയമപ്രകാരം ഭരണസമിതിയിൽ വനിതാസംഘങ്ങളിൽ പൂർണ്ണമായും മറ്റ് സംഘങ്ങളിൽ 3-ഉം വനിതാ അംഗങ്ങൾ വേണം. ഇപ്രകാരം നോക്കുമ്പോൾ വനിതാസംഘങ്ങളിൽ 12000-ത്തിലധികം വനിതകളും, മറ്റ് 18000-ത്തിലധികം സംഘങ്ങളിൽ 54000-ത്തിലധികം വനിതകളും നയരൂപീകരണത്തിലും തീരുമാനങ്ങളിലും പങ്കാളിയാകുന്നു. ആകയാൽ, സ്ത്രീ ശാക്തീകരണമേഖലയിൽ കുടുംബശ്രീ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രാധാന്യം സഹകരണമേഖലയ്ക്കുണ്ട്. കേരളത്തിലെ സഹകരണമേഖലയിലെ സ്ത്രീ തൊഴിൽപങ്കാളിത്തനിരക്ക് 37.7 ശതമാനമാണ്. ഇക്കാര്യത്തിൽ ഇന്ത്യയിൽ ഹിമാചൽപ്രദേശിനു (46%) ശേഷം കേരളം രണ്ടാം സ്ഥാനത്താണ്. ഇത്തരത്തിൽ ലിംഗപദവിയുടെ കാര്യത്തിലും സ്ത്രീശാക്തീകരണരംഗത്തും കേരളത്തിലെ സഹകരണമേഖല മുൻപന്തിയിൽ നിൽക്കുന്നു. 2016-21 കാലയളവിൽ വനിതാസംഘങ്ങളുടെയും ഫെഡറേഷന്റെയും പുരോഗതിക്കായി നിരവധി പദ്ധതികളാണ് സഹകരണവകുപ്പ് നടപ്പാക്കിയത്.

വനിതാശാക്തീകരണം, സാമ്പത്തിക-സാമൂഹിക ഉൾപ്പെടുത്തൽ എന്നിവ ലക്ഷ്യമായി സഹകരണവകുപ്പ് നടപ്പാക്കിയ പദ്ധതിയാണ് 'മുറ്റത്തെ മുല്ല' ലഘുവായ്പാപദ്ധതി. കുടുംബശ്രീയുമായി ചേർന്നാണ് പദ്ധതി നടപ്പാക്കിയത്.

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രിക ജനസമക്ഷം മുന്നോട്ടുവച്ച വാഗ്ദാനമാണ് ബ്ലേഡ് പലിശക്കാരെ നമ്മുടെ നാട്ടിൽനിന്നും ഉന്മൂലനംചെയ്യാൻ സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യ

ത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് ഡിസ്ട്രിബ്യൂഷൻ-കളക്ഷൻ നെറ്റ്‌വർക്ക് ഉണ്ടാക്കും എന്നത്. പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി സർക്കാരിനു മുൻപിൽ അവതരിപ്പിച്ചത് മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണബാങ്കാണ്. സർക്കാർ അത് പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി നടപ്പാക്കുകയാണ് ചെയ്തത്. 2018 ജൂൺ 26-ന് പദ്ധതി ഉദ്ഘാടനം ചെയ്തു.

നമ്മുടെ ഭൂരിഭാഗം പ്രാഥമിക കാർഷികവായ്പാസംഘങ്ങളും നിക്ഷേപ ലഭ്യതയുടെ കാര്യത്തിൽ സ്വയംപര്യാപ്തമാണ്. നിക്ഷേപം കുറവുള്ള സംഘങ്ങൾക്ക് അപ്പെക്സ് സഹകരണബാങ്കുകളിൽനിന്നും വായ്പാലഭ്യതയുമുണ്ട്. വിഭവലഭ്യതയുടെ കാര്യത്തിൽ ഇത്രയേറെ സാഹചര്യമുണ്ടായിട്ടും ഈ സംഘങ്ങളുടെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ ബ്ലേഡ് പലിശക്കാരുടെയും കഴുത്തറപ്പൻ പലിശ ഈടാക്കുന്ന സ്വകാര്യ മൈക്രോഫിനാൻസ് കമ്പനികളുടെയും ചൂഷണം നിലനില്ക്കുന്നു. 24 ശതമാനം മുതൽ 200 ശതമാനം വരെ പലിശയാണ് ഇവർ ഈടാക്കുന്നത്. കൊള്ളപ്പലിശക്കാരുടെ ഭീഷണി നിമിത്തം ആത്മഹത്യകൾ പെരുകുന്ന പ്രവണതയുമുണ്ട്. വ്യവസ്ഥാപിതമാർഗ്ഗങ്ങളിലൂടെ വായ്പ എടുക്കുന്നതിന് വിമുഖത പുലർത്തുന്നവരുടെയും കൊള്ളപ്പലിശക്കാരിൽനിന്നും വായ്പയെടുത്ത് കടക്കെണിയിലാകുന്നവരുടെയും വീട്ടുമുറ്റത്തു ചെന്ന് ലളിതമായ നടപടിക്രമങ്ങളിലൂടെ ഏറ്റവും കുറഞ്ഞ പലിശയ്ക്ക് ലഘുവായ്പ (micro finance) നല്കുകയും ആഴ്ചതോറും ലഘുവായ തിരിച്ചടവ് ക്രമീകരണത്തിലൂടെ ഗുണഭോക്താവിൽനിന്നും വായ്പാത്തുക ഈടാക്കുകയും ചെയ്യുക എന്നതാണ് 'മുറ്റത്തെ മുല്ല' എന്ന പദ്ധതിയിലൂടെ വിഭാവനംചെയ്ത് നടപ്പാക്കിയത്.

പദ്ധതിപ്രകാരം 1000 രൂപ മുതൽ 50000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നല്കുന്നത്. നിലവിൽ കൊള്ളപ്പലിശക്കാരിൽനിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിനും വായ്പ നല്കാവുന്നതാണ്. വായ്പക്കാരനിൽനിന്നും 12 ശതമാനം പലിശ (നൂറുരൂപയ്ക്ക് പ്രതിമാസം ഒരു രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക് / വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1000 രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യ ഗഡുക്കളായി 1120 രൂപ തിരിച്ചടയ്ക്കണം. 10 ആഴ്ചയിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നല്കാവുന്നതാണ്.

31.03.2021 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 858 സംഘങ്ങൾ പദ്ധതി നടപ്പാക്കി. 10784 കുടുംബശ്രീ യൂണിറ്റുകൾക്കായി 1022.94 കോടി രൂപ വായ്പയായി നൽകി. ഈ തുക ഉപയോഗിച്ച് കുടുംബശ്രീ യൂണിറ്റുകൾ 3.19 ലക്ഷം ഗുണഭോക്താക്കൾക്ക് 1018.85 കോടി രൂപ വായ്പ നൽകി. ഗണ്യമായ തോതിൽ വായ്പാതിരിച്ചടവും ഉണ്ടാകുന്നുണ്ട്. പദ്ധതിക്കു കീഴിൽ പാലക്കാട് ജില്ലയിലെ മങ്കര ഗ്രാമപ്പഞ്ചായത്ത് ആദ്യമായി ബ്ലേഡ് പലിശ വിമുക്ത പഞ്ചായത്തായി മാറി.

ലാഭം ലക്ഷ്യമാക്കിയല്ല സഹകരണവകുപ്പ് 'മുറ്റത്തെ മുല്ല' എന്ന ലഘുവായ്പാപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നാട്ടുകാരായ കൊള്ളപ്പലിശക്കാർ, അന്യസംസ്ഥാനത്തുനിന്നുള്ള വട്ടിപ്പലിശക്കാർ, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പനിക്കാർ എന്നിങ്ങനെയുള്ളവരുടെ സാമ്പത്തികചൂഷണത്തിനു വിധേയമാകുന്നവരെ സഹകരണമേഖലയുടെ വ്യാപനവും ശക്തിയും കുടുംബശ്രീയുടെ സംഘടനാസംവിധാനവും പ്രയോജനപ്പെടുത്തി പരിരക്ഷിക്കുക എന്ന സാമൂഹ്യധർമ്മമാണ് ഇതിലൂടെ നിർവ്വഹിക്കുന്നത്.

'മുറ്റത്തെ മുല്ല' പദ്ധതി രൂപീകരണത്തിലും വിജയകരമായ നടത്തിപ്പിലും കൂടാതെ വിവിധ പദ്ധതികളിൽ സർക്കാരിന് നൽകിയ പിന്തുണയിലും മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ശ്രീ. എം. പുരുഷോത്തമൻ പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ മേഖല

പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന നിരവധി സംഘങ്ങൾ സംസ്ഥാനത്തുണ്ട്. സംസ്ഥാനതലത്തിൽ SC/ST ഫെഡറേഷനും, പ്രാഥമികതലത്തിൽ 371 പട്ടികജാതി സഹകരണസംഘങ്ങളും 54 പട്ടികവർഗ്ഗ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. സഹകരണവകുപ്പ് 5 വർഷ കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ഫെഡറേഷനുമായി 43.69 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കി. ഈ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് സ്ഥിരമായ തൊഴിലും വരുമാനവും ഉറപ്പാക്കുന്ന പദ്ധതികൾ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്നു നടപ്പാക്കുന്ന ചില സംഘങ്ങൾ വളരെ മികച്ച വളർച്ചയാണ് നേടിയിട്ടുള്ളത്. ചെറുകിട വനവിഭവശേഖരണം, മരുന്നുൽപാദനം എന്നീ മേഖലകളിൽ പ്രാഥമികസംഘങ്ങളും, SC/ST ഫെഡറേഷനും ഒത്തൊരുമിച്ച് പ്രവർത്തിക്കാനുള്ള വലിയ സാദ്ധ്യതകളാണ് നിലവിലുള്ളത്. 2018-19 സാമ്പത്തികവർഷം ഫെഡറേഷൻ പ്രവർത്തനലാഭം നേടി.





സഹകരണസംഘങ്ങളിലൂടെയുള്ള
സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം


'മുറ്റത്തെ മുല്ല'—സംസ്ഥാനതല ഉദ്ഘാടനം